**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2647** **06-10-2025 - ൽ മറുപടിയ്ക്ക്**

**കിൻഫ്ര എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിന്റെ ഭാഗം അടച്ചു കെട്ടിയത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തൃക്കാക്കര നഗരസഭ ഡിവിഷൻ 9 (ഇടച്ചിറ) ഡിവിഷൻ 11 (നിലം പതിഞ്ഞിമുകൾ) എന്നീ വാർഡുകളിലൂടെയുള്ള പാറക്കമുകൾ - ബ്രഹ്മപുരം കടത്തു റോഡിന്റെ, കണയന്നൂർ താലൂക്കിൽ കാക്കനാട് വില്ലേജിൽ ബ്ലോക്ക് 9-ൽ സർവ്വേ നമ്പർ 3-ൽ പെട്ട ഭാഗത്ത് ഗതാഗത സ്വാതന്ത്ര്യം നിഷേധിച്ചുകൊണ്ട് കിൻഫ്ര എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്ക് അധികൃതർ അടച്ചു കെട്ടിയിരിക്കുന്നതു സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? എങ്കിൽ ഈ നടപടി എന്തടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ; | (എ) | കിൻഫ്രയുടെ കാക്കനാട് പാർക്ക് നിലവിൽ വന്നിട്ട് 27 വർഷത്തോളം ആയി. കിൻഫ്ര ആദ്യ ഘട്ടം ഏറ്റെടുത്ത 180 ഏക്കറിലെ പൊതുനിരത്തിലേക്ക് തുടർച്ച ഇല്ലാത്ത വഴികൾ, കിൻഫ്ര പാർക്കിന്റെ ഭാഗമായി പാർക്കിനുള്ളിൽ സ്ഥിതി ചെയ്യുന്നു. കിൻഫ്ര പാർക്കിനു കുറുകെയുള്ള ഇടച്ചിറ ബ്രഹ്മപുരം റോഡിലേക്ക് വഴി വേണമെന്ന ആവശ്യം ഇൻഫോപാർക്ക് എക്സ്പ്രസ്സ് വേ നിലവിൽ വന്നപ്പോൾ മുതൽ ഉയർന്നു വന്നിരുന്നു. ഇതുമായി ബന്ധപ്പെട്ട് വിവിധ തലത്തിൽ ചർച്ചകൾ നടക്കുകയും 07.06.2014 ൽ ജില്ലാ കളക്ടറുടെ ചേമ്പറിൽ മുൻ MLA ശ്രീ.ബെന്നി ബഹനാൻ, മുൻ തൃക്കാക്കര മുൻസിപ്പൽ ചെയർമാൻ ശ്രീ.ഷാജി വാഴക്കാല എന്നിവരുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനമനുസരിച്ച് പ്രസ്തുത വഴി അടച്ചതിനു പകരമായി 25-07-2014-ലെ സ.ഉ. (സാധാ) നം. 822/ 2014/വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, പാറക്കാമുകൾ നിവാസികൾക്കായി ഇപ്പോൾ ഷെറാട്ടൺ ഹോട്ടലിനു സമീപമുള്ള കിൻഫ്രയുടെ പ്രധാന വഴി തുറന്നു കൊടുക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് കിൻഫ്രയുടെ കൈവശമുണ്ടായിരുന്ന ഭൂമിയുടെ സർവേ നടത്തി പ്രസ്തുത റോഡ് പോകുന്ന പ്രദേശം സർക്കാർ പുറമ്പോക്ക് ആണെന്ന് കണയന്നൂർ താലൂക്ക് സർവേയർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | (ബി) | റവന്യൂ സർവ്വേ റിപ്പോർട്ട് കിൻഫ്രയ്ക്ക് ലഭ്യമായിട്ടില്ല.<br><br>നിലവിൽ പരിഗണനയിലില്ല. |
| (സി) | കടത്തു വഞ്ചി ഉള്ള കാലം മുതൽ പാറക്കാമുകൾ, നിലം പതിഞ്ഞിമുകൾ, രാജഗിരി, മാപ്രാണം തുടങ്ങിയ പ്രദേശത്തെ രണ്ടായിരത്തിൽപരം കുടുംബങ്ങൾ ബ്രഹ്മപുരം, കരിമുകൾ, പുത്തൻകുരിശ് ഭാഗത്തേക്കും തിരിച്ച് ബ്രഹ്മപുരം പ്രദേശത്തുകാർ കാക്കനാട് | (സി) | റവന്യൂ സർവ്വേ റിപ്പോർട്ട് കിൻഫ്രയ്ക്ക് ലഭ്യമായിട്ടില്ല.<br><br>നിലവിൽ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | കളക്ടറേറ്റ് ഭാഗത്തേക്കുമുള്ള യാത്രകൾക്കായി ഉപയോഗിച്ചു വന്നിരുന്ന പ്രസ്തുത റോഡിലെ ഗതാഗതം പുനഃസ്ഥാപിക്കണമെന്ന ഈ പ്രദേശത്തെ ആൾക്കാരുടെ വളരെക്കാലമായുള്ള ആവശ്യം പരിഗണിച്ച് ഇതുവഴിയുള്ള ഗതാഗതം പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ